# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :138 10/06/13-ൽ മറുപടിക്ക്

## തീരദേശ റോഡുകളുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി.സത്യൻ : | | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : | |
| (എ) | തീരദേശ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വക്കം ഗ്രാമപഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | തീരദേശ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വക്കം ഗ്രാമപഞ്ചായത്തിലെ 2012-13 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 8 റോഡുകളിൽ 5 എണ്ണം പൂർത്തിയായി. 2 പ്രവൃത്തികൾക്ക് കരാറിലേർപ്പെട്ടിട്ടുണ്ട്. മറ്റൊരു റോഡായ കൊച്ചായിക്കട തോപ്പിൻകുളം-കണ്ണൻ ചിരട്ട റോഡിന്റെ പ്രവർത്തിക്ക് കരാറായെങ്കിലും സ്ഥലം ലഭ്യമാകാത്തതിനാൽ പണി ആരംഭിച്ചിട്ടില്ല. |
| (ബി) | 2013-14 വർഷത്തെ തീരദേശ റോഡു നവീകരണ പദ്ധതിയിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | 2013-14 വർഷത്തെ തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡുകളൊന്നും ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും അപേക്ഷ ലഭിക്കുന്നതനുസരിച്ചും ഇത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ